**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6059** **09-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വന്യജീവി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വന്യജീവി ബോർഡ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സ.ഉ.(പി)12/2016/വനം തീയതി 26.10.2016 പ്രകാരം 26.10.2016-ലാണ് സംസ്ഥാന വന്യജീവി ബോർഡ് അവസാനമായി രൂപീകരിച്ചത്. ഇതിന്റെ കാലാവധി 25/10/2019-ൽ അവസാനിച്ചു. |
| (ബി) | ബോർഡിന്റെ ഘടനയും ഇത് സംഘടിപ്പിക്കുന്ന രീതിയും എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള വന്യജീവി (സംരക്ഷണ) നിയമം 1972 സെക്ഷൻ (6) പ്രകാരമാണ് സംസ്ഥാന വന്യജീവി ബോർഡ് രൂപീകരിക്കുന്നത്. വന്യജീവി (സംരക്ഷണ) നിയമം 1972 സെക്ഷൻ 6 (1) പ്രകാരം ഇതിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്. മുഖ്യമന്ത്രി - ചെയർ പേഴ്സൺ വനം വകുപ്പ് മന്ത്രി - വൈസ് ചെയർ പേഴ്സൺ ഇത് കൂടാതെ ഔദ്യോഗിക അംഗങ്ങൾക്ക് പുറമെ സംസ്ഥാന വന്യജീവി ബോർഡിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യേണ്ടതുണ്ട്. 1. സംസ്ഥാന നിയമസഭയിലെ മൂന്ന് അംഗങ്ങൾ 2. വന്യജീവി വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ ഇതര സംഘടനകളുടെ (എൻ.ജി.ഒ) മൂന്ന് പ്രതിനിധികൾ. 3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ട് അംഗങ്ങൾ. 4. പ്രശസ്തരായ കൺസർവേഷണിസ്റ്റ്, ഇക്കോളജിസ്റ്റ്, എൻവയോൺ മെൻറലിസ്റ്റ് എന്നിവരിൽ നിന്ന് പത്ത് അംഗങ്ങൾ. ഔദ്യോഗിക അംഗങ്ങൾ 1. ഗവൺമെൻറ് സെക്രട്ടറി (വന്യജീവി വിഭാഗം) - മെമ്പർ 2. വനംവകുപ്പ് മേധാവി - മെമ്പർ 3. ഗവൺമെൻറ് സെക്രട്ടറി (പട്ടികജാതി പട്ടികവർഗ്ഗ വികസനം) - മെമ്പർ 4. ഡയറക്ടർ -മൃഗസംരക്ഷണ വകുപ്പ് - മെമ്പർ 5. ഡയറക്ടർ - മൽസ്യ വകുപ്പ് - മെമ്പർ 6. വൈൽഡ് പ്രിസർവേഷൻ ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു പ്രതിനിധി - മെമ്പർ. 7. വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ഡെറാഡ്യൂണിലെ ഒരു പ്രതിനിധി 8. സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി 9. ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു |

| | | | |
|---|---|---|---|
| | | | പ്രതിനിധി 10. ചീഫ് വൈൽഡ് ലൈഫ് വാർഡൻ - സംസ്ഥാന വന്യജീവി ബോർഡിന്റെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കേരള വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) റൂൾസ് 1978 ചട്ടം (3) പ്രകാരം സംസ്ഥാന വന്യജീവി ബോർഡിന്റെ കാലാവധി രൂപീകരണം മുതൽ മൂന്ന് വർഷമാണ്. |
| (സി) | ബോർഡിന്റെ ചെയർമാനും മറ്റ് അംഗങ്ങളും ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | കേരള വന്യജീവി (സംരക്ഷണ) നിയമം 1972 സെക്ഷൻ (6) പ്രകാരമാണ് സംസ്ഥാന വന്യജീവി ബോർഡ് രൂപീകരിക്കുന്നത്. വന്യജീവി (സംരക്ഷണ) നിയമം 1972 സെക്ഷൻ 6 (1) പ്രകാരം ഇതിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്. മുഖ്യമന്ത്രി - ചെയർ പേഴ്സൺ വനം വകുപ്പ് മന്ത്രി - വൈസ് ചെയർ പേഴ്സൺ ഇത് കൂടാതെ ഔദ്യോഗിക അംഗങ്ങൾക്ക് പുറമെ സംസ്ഥാന വന്യജീവി ബോർഡിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യേണ്ടതുണ്ട്. 1. സംസ്ഥാന നിയമസഭയിലെ മൂന്ന് അംഗങ്ങൾ 2. വന്യജീവി വിഷയുവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ ഇതര സംഘടനകളുടെ (എൻ.ജി.ഒ) മൂന്ന് പ്രതിനിധികൾ. 3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ട് അംഗങ്ങൾ. 4. പ്രശസ്തരായ കൺസർവേഷണിസ്റ്റ്, ഇക്കോളജിസ്റ്റ്, എൻവയോൺ മെൻറലിസ്റ്റ് എന്നിവരിൽ നിന്ന് പത്ത് അംഗങ്ങൾ. ഔദ്യോഗിക അംഗങ്ങൾ 1. ഗവൺമെൻറ് സെക്രട്ടറി (വന്യജീവി വിഭാഗം) - മെമ്പർ 2. വനംവകുപ്പ് മേധാവി - മെമ്പർ 3. ഗവൺമെൻറ് സെക്രട്ടറി (പട്ടികജാതി പട്ടികവർഗ്ഗ വികസനം) - മെമ്പർ 4. ഡയറക്ടർ -മൃഗസംരക്ഷണ വകുപ്പ് - മെമ്പർ 5. ഡയറക്ടർ - മൽസ്യ വകുപ്പ് - മെമ്പർ 6. വൈൽഡ് പ്രിസർവേഷൻ ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു പ്രതിനിധി - മെമ്പർ. 7. വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ഡെറാഡ്യൂണിലെ ഒരു പ്രതിനിധി 8. സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി 9. ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി 10. ചീഫ് വൈൽഡ് ലൈഫ് വാർഡൻ - സംസ്ഥാന വന്യജീവി ബോർഡിന്റെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കേരള വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) റൂൾസ് 1978 ചട്ടം (3) പ്രകാരം സംസ്ഥാന വന്യജീവി ബോർഡിന്റെ കാലാവധി രൂപീകരണം മുതൽ മൂന്ന് വർഷമാണ്. |
| (ഡി) | ബോർഡിന്റെ പ്രവർത്തന ലക്ഷ്യവും ഉദ്ദേശ്യവും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന വിന്യജീവി ബോർഡ് താഴെപ്പറയുന്ന കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഉപദേശങ്ങൾ നൽകേണ്ടതാണ്. 1. ഒരു പ്രത്യേക വനപ്രദേശം സംരക്ഷിത വനമായി പ്രഖ്യാപിക്കുന്നതിലേക്കായി |

| | | | |
|---|---|---|---|
| | | | സംസ്ഥാന വന്യജീവി ബോർഡിന് ഉപദേശം നൽകാവുന്നതാണ്. 2. ഒരു പ്രത്യേക വന്യജീവിയുടെയോ സസ്യങ്ങളുടെയോ പരിപാലനവും സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വന്യജീവി ബോർഡിന് ഉപദേശം നൽകാവുന്നതാണ്. 3. വന്യജീവികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് വന്യജീവി ബോർഡിൽ നിന്നും നേരിട്ട് ഉപദേശങ്ങൾ സ്വീകരിക്കാവുന്നതാണ്. വന്യജീവി ബോർഡ് വർഷത്തിൽ രണ്ട് പ്രാവശ്യം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടേണ്ടതാണ്. പ്രാധാന്യമുള്ള വിഷയങ്ങൾ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് ആവശ്യമെങ്കിൽ പ്രസ്തുത വിഷയങ്ങൾ ബഹു.പ്രധാനമന്ത്രി അദ്ധ്യക്ഷനായ നാഷണൽ വൈൽഡ് ലൈഫ് ബോർഡിന് അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്. |
| (ഇ) | വർഷത്തിൽ എത്ര പ്രാവശ്യം ബോർഡിന്റെ യോഗങ്ങൾ ചേരാറുണ്ടെന്നും അവസാനം ചേർന്ന യോഗം എപ്പോഴായിരുന്നുവെന്നും വ്യക്തമാക്കാമോ; ബോർഡിന്റെ കാലാവധി എത്രയാണെന്നും നിലവിലുള്ള ബോർഡ് പുനഃസംഘടിപ്പിക്കേണ്ടത് എപ്പോഴാണെന്നും വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗങ്ങൾ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും കൂടണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാന വന്യജീവി ബോർഡിന്റെ അവസാന യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23/01/2020-ലാണ് കൂടിയത്. കേരള വന്യജീവി (സംരക്ഷണ) നിയമം 1978-ലെ ചട്ടം (3) പ്രകാരം വന്യജീവി ബോർഡിന്റെ കാലാവധി മൂന്ന് വർഷമാണ്. നിലവിലെ ബോർഡിന്റെ കാലാവധി 25/10/2019-ൽ അവസാനിച്ചിരുന്നു. സംസ്ഥാന വന്യജീവി ബോർഡ് ഉടൻ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ